# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1373 — 21.03.2012 ൽ മറുപടിയ്ക്ക്

## വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ്കുമാർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ 2009 ൽ രൂപം നൽകിയ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് അനുസരിച്ചുള്ള പാക്കേജിനായി സംസ്ഥാന സർക്കാർ നബാർഡുമായി ധാരണാ പത്രം ഒപ്പിടാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാന സർക്കാർ നബാർഡുമായി ധാരണാ പത്രം ഒപ്പിടാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പാക്കേജ് നടപ്പാക്കുക വഴി എത്ര കോടി രൂപയുടെ സാമ്പത്തിക സഹായമാണ് സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായും നബാർഡുമായും ഒപ്പിടുന്ന ധാരണാപത്രം പ്രകാരം 31.03.2004 ലെ സാമ്പത്തിക സ്ഥിതി പ്രകാരം നബാർഡ് നടത്തുന്ന സ്പെഷ്യൽ ആഡിറ്റിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തുന്ന സഹകരണ വായ്പാ മേഖലയിലെ ബാങ്കുകളുടെ നഷ്ടത്തിന്റെ അടിസ്ഥാനത്തിലാണ് സാമ്പത്തിക സഹായം ലഭിക്കുന്നത്. 31.03.2004 ലെ സാമ്പത്തിക സ്ഥിതി പ്രകാരം കേരളത്തിലെ വായ്പാ സഹകരണ സംഘങ്ങളുടെ നഷ്ടം കണക്കാക്കിയാൽ ഏകദേശം 974 കോടി രൂപയുടെ സാമ്പത്തിക ധനസഹായം ലഭിക്കാനാണ് സാദ്ധ്യതയുള്ളത്. എന്നാൽ കൃത്യമായ കണക്ക് നബാർഡ് നോംസ് അനുസരിച്ചുള്ള സ്പെഷ്യൽ ആഡിറ്റ് നടത്തിയാൽ മാത്രമേ അറിയുവാൻ കഴിയുകയുള്ളൂ. |
| (സി) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് അനുസരിച്ചുള്ള പാക്കേജ് നടപ്പാക്കുക വഴി എന്തെല്ലാം മാറ്റങ്ങളാണ് | (സി) പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിയമപരവും സ്ഥാപനാധിഷ്ഠിതവുമായ ചുവടെ ചേർക്കുന്ന പരിഷ്കാരങ്ങൾ |

സംസ്ഥാനത്തെ സഹകരണ മേഖലയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

നടപ്പിലാക്കേണ്ടതുണ്ട്.

1) എല്ലാത്തരം സഹകരണ സ്ഥാപനങ്ങൾക്കും മൂലധന പര്യാപ്തത ഉൾപ്പെടെയുള്ള പ്രൂഡൻഷ്യൽ നോംസ് ബാധകമാകുന്നു.

2) സഹകരണ സ്ഥാപനങ്ങളുടെ മേൽ റിസർവ്വ് ബാങ്കിന്/നബാർഡിന് നിയന്ത്രണ അധികാരങ്ങൾ കാര്യക്ഷമമാകുന്നു.

3) എല്ലാത്തരം സഹകരണ ബാങ്കുകളുടെയും പ്രവർത്തനം വാണിജ്യ ബാങ്കുകൾക്ക് സമാനമാകുന്നു.

4) സഹകരണ സ്ഥാപനങ്ങളുടെ ഭരണക്രമത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാന സർക്കാരിന്റെ നിയന്ത്രണം ഒഴിവാക്കുന്നു.

5) ഭരണ സമിതികളെ പിരിച്ചുവിടുന്നതിനുള്ള സംസ്ഥാന സർക്കാർ/രജിസ്ട്രാറുടെ അധികാരത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നു.

6) നിക്ഷേപങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സാമ്പത്തിക സേവനങ്ങളും ഉപയോഗിക്കുന്നവർക്ക് പൂർണ്ണ അംഗത്വവും വോട്ടവകാശവും ലഭിക്കുന്നു.

7) പലിശ നിരക്ക് നിർണ്ണയിക്കുക, ധനവിനിയോഗം സംബന്ധിച്ച വ്യവസ്ഥകൾ നിർണ്ണയിക്കുക മുതലായ സാമ്പത്തിക വിഷയങ്ങളിലെ സംസ്ഥാന സർക്കാരിന്റെ/രജിസ്ട്രാറുടെ നിയന്ത്രണ ഉത്തരവുകളും നിയമവ്യവസ്ഥകളും പിൻവലിക്കപ്പെടുന്നു.

8) ഏത് ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുക്കുന്നതിനും നിക്ഷേപം നടത്തുന്നതിനും സ്വാതന്ത്ര്യം സഹകരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നു.

9) സഹകരണ സ്ഥാപനങ്ങളിലെ സർക്കാർ ഓഹരി മൂലധനം 25% ആയി നിജപ്പെടുത്തുക.

10) വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി ഒഴിവാക്കുക.

11) മൂന്നുവർഷം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ഭരണസമിതിയെ പിരിച്ചുവിടാനുള്ള വ്യവസ്ഥ.

12) വൈദ്യനാഥൻ കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള മാതൃകാ സഹകരണ നിയമത്തിന് അനുസരിച്ച് കേരള നിയമസഭയ്ക്ക് നിയമനിർമ്മാണം നടത്തേണ്ടതായ ധാരണാ പത്രത്തിലെ വ്യവസ്ഥ.

13) സഹകരണ ബാങ്കുകളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ യോഗ്യത ഭാരതീയ റിസർവ് ബാങ്ക് നിശ്ചയിക്കുകയും നിയമത്തിന് റിസർവ് ബാങ്കിന്റെ അംഗീകാരം വേണമെന്ന വ്യവസ്ഥ

14) വായ്പ സഹകരണ സംഘം/ബാങ്കുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥ ഒഴിവാക്കുന്നത്.

15) പൊതു വിതരണം, രാസവളം വിൽപ്പന, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ സംബന്ധിച്ച് നിർദ്ദേശം നൽകാനുള്ള സംസ്ഥാന സർക്കാരിന്റെ/രജിസ്ട്രാറുടെ അധികാരം നഷ്ടമാകുന്നു.

സെക്ഷൻ ഓഫീസർ